# എം.ഗവേണൻസ് - എസ്.എം.എസ്.മൊബൈൽ സംവിധാനം സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തുന്നു

എസ്.രാജേന്ദ്രൻ, ചെയർമാൻ.
കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കട-കമ്പോളങ്ങളിലും, വാണിജ്യ-വ്യാപാര സ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്കും ഈ മേഖലയിൽ സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവർക്കും വേണ്ടി രൂപം നൽകിയ ബൃഹത്തായ ഒരു തൊഴിലാളി ക്ഷേമ പദ്ധതി യാണ് കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമ പദ്ധതി. പ്രസ്തുത പദ്ധതി 2007 മാർച്ച് 15 ന് നിലവിൽ വന്നു. ഇതിനകം നാല് ലക്ഷത്തോളം തൊഴിലാളികൾ പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ഇനിയും വലിയൊരു വിഭാഗം തൊഴിലാളികളെയും സ്വയംതൊഴിൽ ചെയ്യുന്നവരെയും പദ്ധതിയിൽ അംഗങ്ങളാക്കേണ്ടതുണ്ട്. 18 വയസ്സിനും 55 വയസ്സിനും മദ്ധ്യേ പ്രായ മുള്ളവർക്കാണ് പദ്ധതിയിൽ അംഗമായി ചേരാൻ കഴിയുക. ക്ഷേമനിധിയുടെ ജില്ലാ ഓഫീസുകളിലും അസിസ്റ്റന്റ് ലേബർ ഓഫീസുകളിലും നിന്നും ലഭിക്കുന്ന നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പി ച്ചാൽ ക്ഷേമനിധിയിൽ അംഗത്വം ലഭിക്കും. തങ്ങളുടെ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാ ളികളെ പദ്ധതിയിൽ ചേർക്കേണ്ട നിയമപരമായ ബാദ്ധ്യത ഉടമകൾക്കുണ്ട്. സ്വയംതൊഴിൽ ചെയ്യുന്ന വർക്ക് നേരിട്ട് പദ്ധതിയിൽ അംഗമായി ചേരാം. അംഗത്വത്തിന് പ്രത്യേക ഫീസ് നൽകേണ്ടതില്ല. പ്രതി മാസം 20 രൂപ തൊഴിലാളി വിഹിതവും 20 രൂപ ഉടമാ വിഹിതവും ചേർത്ത് 40 രൂപ നിരക്കിലാണ് അംശദായം അടയ്ക്കേണ്ടത്. സ്വയംതൊഴിൽ ചെയ്യുന്നവർ 40 രൂപ അംശദായം അടയ്ക്കണം. ക്ഷേമ നിധി ഓഫീസിൽ നിന്നും ലഭിക്കുന്ന ബാങ്ക് കാർഡ് ഉപയോഗിച്ച് ഇൻഡ്യൻ ബാങ്ക്, ബാങ്ക് ഓഫ് ഇൻഡ്യ, പഞ്ചാബ് നാഷണൽ ബാങ്ക്, ഫെഡറൽ ബാങ്ക്, ധനലക്ഷ്മി ബാങ്ക്, വിജയാ ബാങ്ക് എന്നീ ബാങ്കുകളുടെ സംസ്ഥാനത്തെ ഏത് ബ്രാഞ്ചുകളിലും അംശദായം അടയ്ക്കാം.

ക്ഷേമനിധിയിൽ കുറഞ്ഞത് 10 വർഷം തുടരുകയും 60 വയസ്സ് പൂർത്തിയാകുകയും ചെയ്യുന്ന അംഗങ്ങൾക്ക് പെൻഷൻ ലഭിക്കുന്നു. 15 വർഷം അംഗത്വത്തിൽ തുടർന്ന് മരണമടയുന്ന തൊഴിലാളി കുടുംബത്തിനും പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന തൊഴിലാളി മരണപ്പെട്ടാൽ അവരുടെ കുടും ബത്തിനും കുടുംബ പെൻഷന് അർഹതയുണ്ട്.. ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് പഠനത്തിന് വിദ്യാഭ്യാസ സ്കോളർഷിപ്പ്, സ്ത്രീ തൊഴിലാളികളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാ ഹത്തിന് ധനസഹായം, മരണാനന്തര സഹായം, അംഗത്തിനും കുടുംബാംഗങ്ങൾക്കും ആശുപത്രി ചികിത്സയ്ക്ക് ധനസഹായം, സ്ത്രീ തൊഴിലാളികൾക്ക് പ്രസവകാല വേതനമായി 12 ആഴ്ചത്തെ സർക്കാർ മിനിമം വേതനാടിസ്ഥാനത്തിലുള്ള ധനസഹായം തുടങ്ങി നിരവധി ആനുകൂല്യങ്ങൾ പെൻഷന് പുറമെ ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കുന്നതാണ്. അതോടൊപ്പം തൊഴിലാളി വിഹിത മായി അടയ്ക്കുന്ന അംശദായം അംഗങ്ങൾക്ക് തിരികെ ലഭിക്കുന്നതുമാണ്.

സ്ഥാപന ഉടമകളാണ് തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളായി ചേർക്കേണ്ടത്. സ്വയംതൊഴിൽ ചെയ്യുന്നവർക്ക് നേരിട്ട് പദ്ധതിയിൽ അംഗങ്ങളാകാം. ഉടമകൾക്ക് ഒരു തൊഴിലാളി സ്ഥാപനത്തിൽ നിന്നും പുറത്ത് പോകുമ്പോൾ ഒഴിവാക്കാനും പുതുതായി ചേരുമ്പോൾ പദ്ധതിയിൽ ഉൾപ്പെടുത്താനുമുള്ള വ്യവസ്ഥ നിയമത്തിലുണ്ട്.

അംഗത്വ രജിസ്ട്രേഷൻ, അംശദായ അടവ്, ആനുകൂല്യ വിതരണം തുടങ്ങി എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടറൈസ് ചെയ്തു കൊണ്ടാണ് ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് ആദ്യമായാണ് ഒരു തൊഴിലാളി ക്ഷേമനിധി ബോർഡ് ഈ നിലയിൽ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പൂർണ്ണമായും വിനിയോഗിക്കുന്നത്. എം.ഗവേണൻസ്, ഇ. ബാങ്കിംഗ്, എൻ-കമ്പ്യൂട്ടിംഗ്, എസ്.എം.എസ്. മൊബൈൽ സംവിധാനം തുടങ്ങിയ സാങ്കേതിക വിദ്യകൾ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തുന്നു. അംഗങ്ങൾക്കും, ഉടമകൾക്കും, പൊതുജനങ്ങൾക്കും ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും **peedika.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ലഭ്യമാണ്. ജനങ്ങൾക്ക് സേവനങ്ങൾ സുതാര്യമായും കൃത്യമായും യഥാസമയം ലഭ്യമാക്കാൻ ഇതുവഴി സാധ്യമാകുന്നു. ജനങ്ങളുടെ വിശ്വാസ്യത ആർജ്ജിക്കുവാനും ഇതു വഴി കഴിഞ്ഞിട്ടുണ്ട്. സാധാരണ സർക്കാർ ഭരണ സംവിധാനത്തിലെ ചുവപ്പ് നാടയും, കെടുകാര്യസ്ഥതയും, കാലതാമസവും, അഴിമതിയുമെല്ലാം വ്യാപകമായി ഇന്ന് ചർച്ച ചെയ്യപ്പെടുകയാണ്. ഭരണ നവീകരണത്തെക്കുറിച്ചും വിപുലമായ സംവാദങ്ങൾ നടക്കുന്നു. ഈ ഘട്ടത്തിലാണ് ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുതാര്യതയോടെ തികച്ചും അനുകരണീയവും മാതൃകാപരവുമായി മാറിയിട്ടുള്ളത്.

കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിലാളികളുടെയും തൊഴിൽ ഉടമകളുടേയും ക്ഷേമം ഉറപ്പ് വരുത്തുന്നതിനും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപ്പിലാക്കുന്ന വിവിധങ്ങളായ പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിനും ക്ഷേമനിധി ബോർഡ് പ്രതിജ്ഞാബദ്ധമാണ്. ക്ഷേമനിധി അംഗങ്ങളായ പാവപ്പെട്ട തൊഴിലാളികളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സർക്കാർ പ്രഖ്യാപിച്ച മറ്റ് പല ആനുകൂല്യങ്ങളും ക്ഷേമനിധി അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിലേറെക്കാലത്തെ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ഈ രംഗത്ത് പുത്തൻ മാതൃകകൾ സൃഷ്ടിച്ചു. ആനുകൂല്യങ്ങൾക്കായി അംഗങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾ യഥാസമയം അംഗീകരിച്ച് അർഹരായവർക്ക് ആനുകൂല്യങ്ങൾ നൽകാൻ സമയബന്ധിതമായി കഴിയുന്നു. തുച്ഛ വരുമാനക്കാരായ ഈ മേഖലയിലെ വലിയൊരു വിഭാഗം തൊഴിലാളികൾക്കും ആനുകൂല്യങ്ങൾ ഏറെ ആശ്വാസകരമാണ്. പ്രത്യേകിച്ച്, സ്ത്രീ തൊഴിലാളികൾക്ക്. നിയമ നിർമ്മാണ ഘട്ടത്തിൽ തന്നെ സ്ത്രീ തൊഴിലാളികളുടെ പരിരക്ഷ ഉറപ്പ് വരുത്താൻ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഇച്ഛാശക്തി തികച്ചും പ്രശംസനീയമാണ്. ഈ ചുരുങ്ങിയ കാലത്തിനിടയിൽ തന്നെ ഇരുന്നൂറ്റമ്പതോളം അംഗങ്ങൾക്ക് പ്രസവകാല

ആനുകൂല്യവും, മുന്നൂറോളം അംഗങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യവും വിതരണം ചെയ്തു കഴിഞ്ഞു.

സംസ്ഥാനത്തെ പതിനൊന്നോളം ജില്ലകളിൽ ക്ഷേമനിധി ബോർഡിന്റെ ജില്ലാ ആഫീസുകൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. ഇനിയും മൂന്ന് ജില്ലകളിൽ ഓഫീസ് പ്രവർത്തനം തുടങ്ങേണ്ടതുണ്ട്. അതിനുള്ള സർക്കാർ അനുമതി ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. ക്ഷേമനിധി ബോർഡിന്റെ കമ്പ്യൂട്ടർവത്ക്കരണം നിർവ്വഹിക്കുന്നത് പൊതുമേഖലാ സ്ഥാപനമായ കെൽട്രോണാണ്. ഐ.ടി.മിഷന്റെ സാങ്കേതിക ഉപദേശം കൂടി ലഭ്യമാക്കിക്കൊണ്ടാണ് പുതിയ എം.-ഗവേണൻസ് എസ്.എം.എസ്. മൊബൈൽ സംവിധാനം രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇതുവഴി ഈ സംവിധാനത്തിന്റെ സുരക്ഷിതത്വം പൂർണ്ണമായും സർക്കാരിൽ തന്നെ നിക്ഷപ്തമാണ്. ആധുനിക ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ ഈ നിലയിൽ പ്രയോജനപ്പെടുത്തുന്നത് വഴി ക്ഷേമനിധി ബോർഡിന്റെ എല്ലാവിധ സേവനങ്ങളും അംഗങ്ങൾക്കും ഉടമകൾക്കും കുറഞ്ഞ ചിലവിൽ ലഭ്യമാക്കാൻ കഴിയുന്നു. അതോടൊപ്പം ക്ഷേമനിധി ബോർഡ് നിയമാനുസൃതമായി അയക്കേണ്ട നോട്ടീസുകളും മറ്റും കൃത്യതയോടെ നൽകാനും കഴിയുന്നു.

ചെറുകിട വാണിജ്യ-വ്യാപാര മേഖല വലിയ പ്രതിസന്ധിയെയാണ് ഇന്ന് നേരിടുന്നത്. ജനങ്ങളെ കൊള്ളയടിക്കാൻ കുത്തകകൾക്ക് അവസരമൊരുക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയവും വിദേശ പ്രത്യക്ഷ നിക്ഷേപം യാതൊരു നിയന്ത്രണവുമില്ലാതെ ചെറുകിട വ്യാപാര മേഖലയിൽ അനുവദിയ്ക്കാനുള്ള നീക്കവും, അനിയന്ത്രിതമായ വിലക്കയറ്റം സൃഷ്ടിക്കുന്ന ഇടവരുത്തുന്ന പെട്രോൾ വില വർദ്ധനവും, ഈ മേഖലയെ ആശ്രയിച്ചു കഴിയുന്ന ലക്ഷക്കണക്കിന് സാധാരണക്കാരുടെ ജീവിതം ദുരിതപൂർണ്ണമാക്കുകയാണ്. ഈ ഘട്ടത്തിലാണ് വാണിജ്യ-വ്യാപാര മേഖലയെ ആശ്രയിച്ച് ജീവിതം മുന്നോട്ട് കൊണ്ടു പോകുന്ന തൊഴിലാളികൾക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കും ആശ്വാസം പകർന്ന് കൊണ്ട് സംസ്ഥാന ഗവൺമെന്റ് രൂപം നൽകിയ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മുന്നോട്ട് പോകുന്നത്.

സംസ്ഥാനത്തിൽ ആദ്യമായാണ് ഒരു ക്ഷേമനിധി ബോർഡിൽ വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം ഇത്ര ഫലപ്രദമായും സുതാര്യമായും നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ വ്യപാര-വാണിജ്യ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കും ഒരത്താണിയായി തീർന്നിട്ടുള്ള ക്ഷേമനിധി ബോർഡിൽ ഈ നൂതന സംവിധാനം നിലവിൽ വരുത്തുന്നതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരും അഭിനന്ദനമർഹിക്കുന്നു. ഭരണ രംഗത്തെ കാര്യക്ഷമതയ്ക്കും സുതാര്യതയ്ക്കും ഇത് തികച്ചും മാതൃകയായിരിക്കും.